


## ഹായ് കൂട്ടുകാരേ...

നിങ്ങളെന്താണ് ആലോചിക്കുന്നത്? കണ്ടതും കേട്ടതുമായ പല കാര്യങ്ങളും നിങ്ങൾക്കുണ്ടെന്നറിയാം. അവയൊന്ന് വരച്ചെടുക്കണമെന്നു തോന്നുന്നുണ്ടോ? അതോ അതു കഥയായി, കവിതയായി, ലേഖനമായി കുത്തിക്കുറിക്കണമെന്നാണോ? മടിക്കേണ്ട, നിങ്ങൾക്കിഷ്ടമുള്ളതു തയ്യാറാക്കി ഞങ്ങൾക്ക് അയയ്ക്കുക. ഉചിതമായത് പ്രസിദ്ധീകരിക്കുന്നതാണ്.

വിലാസം : പ്രതിഭ, ദീപനാളം വാരിക, പാലാ, പിൻ - 686 575
E-mail : editordeepanalam@gmail.com, Mob : 7306874714





# അധാർമികതയല്ല സ്വാതന്ത്ര്യം

**ആൽബിൻ ജിജോ**
സെന്റ് തോമസ് കോളജ് ഓഫ് റ്റീച്ചർ എജ്യുക്കേഷൻ, മൈലക്കൊമ്പ്

പുരോഗമനചിന്തകൾ പുട്ടുപോലെ വിറ്റുപോകുന്ന പുത്തൻകാലത്ത്, പഴയകാലത്തിന്റെ മാനുഷികഭാവമില്ലാത്ത ആശയങ്ങളെ അമർച്ച ചെയ്യാൻ സമൂഹമാധ്യമങ്ങളും യുവജനങ്ങളും ബദ്ധശ്രദ്ധരാണ്. ഫെമിനിസവും ദളിത്‌വിപ്ലവങ്ങളും തുടങ്ങി സ്വാതന്ത്ര്യത്തിന്റെ സന്ദേശവുമായി, നമ്മുടെ സംസ്കാരത്തിൽ ഒരു ശുദ്ധികലശം നടക്കുന്നത് കഴിഞ്ഞ പതിറ്റാണ്ടിൽ വ്യക്തമായി കാണാൻ സാധിച്ചു. പുസ്തകങ്ങളും ചലച്ചിത്രങ്ങളും പരമ്പരാഗതമായ പല അനീതികളെയും അന്ധവിശ്വാസങ്ങളെയും തൂത്തെറിയാൻ കൈയും മെയ്യും മറന്നു പ്രവർത്തിച്ചു, ഈ ഭ്രമിപ്പിക്കുന്ന സ്വാതന്ത്ര്യത്തിന്റെ നവീനവിപ്ലവാശയങ്ങളിൽ മുഴച്ചുനിൽക്കുന്ന പുരോഗമനവാദസ്വഭാവമായി നിരീശ്വരത്വവും വളർന്നു. സമരങ്ങളിലും പ്രതികരണങ്ങളിലും സ്വാതന്ത്ര്യബോധത്തിലും നിരീശ്വരചിന്തകളുടെ മേമ്പൊടി ചേർന്നിരിക്കുന്നത് സാധാരണമായിത്തീരുകയും ഇന്ന് അതൊരു തീവ്രവാദമായി വളരുകയും ചെയ്തിരിക്കുന്നുവെന്ന് ഞെട്ടലോടെ നാം മനസ്സിലാക്കേണ്ടിരിയിരിക്കുന്നു.

സ്വാതന്ത്ര്യത്തിന്റെയും അവകാശങ്ങളുടെയും വക്താക്കളായി ചമയുന്നവർ പലപ്പോഴും മതങ്ങളെയും വിശ്വാസത്തെയും ദൈവത്തെയും ഇകഴ്ത്തി സംസാരിക്കുകയും അത്തരം ഈശ്വരചിന്തകളെ മണ്ടത്തരമായി പ്രഖ്യാപിക്കുകയും ചെയ്യുന്നു. ഈ ലോകത്തിന്റെ 'നല്ല ഭാവി'ക്ക് നിരീശ്വരത്വമാണ് അനിവാര്യമെന്ന ആശയം കുട്ടികളിലും യുവജനങ്ങളിലും ഇക്കൂട്ടർ ബോധപൂർവം കുത്തിവയ്ക്കുന്നു. പെൺകുട്ടിക്കു ചിറകുകൾ ലഭിക്കാനും അടിച്ചമർത്തപ്പെട്ടവനു മോചനം ലഭിക്കാനും ഈ നിരീശ്വരത്വപുരോഗമനതീവ്രവാദമാണ് ഏറ്റവും ഉചിതമെന്ന് ഇവർ പഠിപ്പിക്കുന്നു. ഇതിന്റെയെല്ലാം ഫലമായി, ധാർമികതയെ ചവറ്റുകുട്ടയിലാക്കി, സുഖജീവിതത്തിനു ടിക്കറ്റെടുക്കാൻ വൻകൃൂതന്നെ കാണപ്പെട്ടുതുടങ്ങിയിരിക്കുന്നു. മതവും ഈശ്വരനും എല്ലാം അവരുടെ കളിയാക്കലുകൾക്കും പരിഹാസങ്ങൾക്കും കാരണമായി. സ്വന്തം ലൈംഗികതപോലും മറ്റുള്ളവർ നൽകുന്ന പുരോഗമനതീവ്രവാദത്തിൽ സ്വാധീനിക്കപ്പെട്ടുതുടങ്ങി.

അധാർമികതയാണ് സ്വാതന്ത്ര്യമെന്ന മിഥ്യാധാരണയാണ് പുരോഗമനനിരീശ്വരവാദത്തിന്റെ സൂത്രവാക്യം. സ്വവർഗാനുരാഗികൾക്കുവേണ്ടി ഘോരഘോരം വാദിച്ച് മാനുഷികതയുടെ അഭിഭാഷകരായി സ്വയംചമയുന്ന ഈ തീവ്രവാദത്തിന്റെ വക്താക്കൾ, പതിയെപ്പതിയെ, സ്വവർഗാനുരാഗമെന്നത് ഒരു പാഷനായി അവതരിപ്പിക്കുകയും തത്ഫലമായി യുവജനങ്ങളിലും കുട്ടികളിലും സ്വവർഗാനുരാഗപ്രവണത ഉളവാക്കുകയും ചെയ്തു. ഇത്തരത്തിൽ, സ്വന്തം വ്യക്തിത്വവും സ്വത്വബോധവും പോലും പുരോഗമനത്തിനുവേണ്ടി പണയം വയ്ക്കുന്ന ഒരു കൂട്ടം തീവ്രപുരോഗമനവാദികൾ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾക്കുവേണ്ടിയാണെന്ന വ്യാജേന തങ്ങളുടെ ജീവിതങ്ങളെത്തന്നെ നശിപ്പിച്ചുതുടങ്ങി. കുട്ടികളും യുവജനങ്ങളും ഇന്ന് വഴിതെറ്റിപ്പോകുന്നതിനും നശിക്കുന്നതിനുമുള്ള പ്രധാനകാരണം ഈ തീവ്രവാദാശയംതന്നെയാണ്. തലച്ചോറിനെ മത്തുപിടിപ്പിക്കുന്ന സുഖത്തിന്റെ നിരീശ്വരപുരോഗമനാശയങ്ങൾ അധാർമികതയുടെ അരാജകത്വത്തിലേക്ക് ഈ തലമുറയെ തള്ളിയിട്ടുകൊണ്ടിരിക്കുകയാണ്.

അനീതിയെ തുടച്ചുനീക്കാനും അവകാശങ്ങൾ സംസ്ഥാപിക്കാനും സമൂഹത്തെ പുനരുദ്ധരിക്കാനും കേവലമായ നിരീശ്വരചിന്തകളാവശ്യമില്ലെന്നും, അതിനു വിശാലമായ മാനവികഭാവവും മനുഷ്യത്വദർശനങ്ങളും ധാർമികബോധവുമാണ് അഭികാമ്യമെന്നും തിരിച്ചറിയണം. വിവേകമില്ലാത്ത തലമുറ തലച്ചോറിനെ സമൂഹമാധ്യമങ്ങളുടെയും മറ്റും സ്വാധീനശക്തികളുടെയും മൂഢപ്രബോധനങ്ങൾക്കു പണയംവയ്ക്കാതെ, പരിശുദ്ധാത്മപ്രചോദനത്തിൽ, വിവേകത്തോടെ ജീവിക്കാൻ നമ്മുടെ കുട്ടികളെ പഠിപ്പിക്കുകതന്നെ വേണം. അധാർമികതയല്ല സ്വാതന്ത്ര്യമെന്നും, അനുകരണമല്ല അവകാശമെന്നും, സുഖം തേടലല്ല സന്തോഷമെന്നുമുള്ള തിരിച്ചറിവാണ് വിശുദ്ധചിന്തകളിലേക്കും നീതിപൂർവകമായ കാഴ്ചപ്പാടുകളിലേക്കും ഉയർന്ന ജീവിതാദർശത്തിലേക്കും നമ്മെ നയിക്കേണ്ടത്.

■

## DEEPANALAM WINNERS SPACE gk

സമ്മാനം ആയിരം രൂപ

NAIPUNNYA INTERNATIONAL
Study & Work at Canada | Australia | Germany | UK | Ireland | New Zealand | USA
ST. THOMAS PRESS BUILDING, PALA, PIN - 686 575

1. ഒന്നാംലോകസഭ(1952-56)യിലെ അംഗബലം എത്രയായിരുന്നു? പതിനേഴാം ലോകസഭയിലെ (2019-24) അംഗബലം എത്ര?
   ഉത്തരം : ..........
2. അമേരിക്കൻ പൗരത്വം സ്വീകരിക്കുന്ന രാജ്യക്കാരുടെ പട്ടികയിൽ (യു.എസ്. കോൺഗ്രഷണൽ റിസേർച്ച് വിഭാഗം റിപ്പോർട്ടുപ്രകാരം) ഇന്ത്യ എത്രാം സ്ഥാനത്താണ്?
   ഉത്തരം : ..........
3. കാൻഡിഡേറ്റ്സ് ചെസ് ടൂർണമെന്റിൽ ജേതാവാകുന്ന ഏറ്റവും പ്രായം കുറഞ്ഞ താരം എന്ന ബഹുമതിക്ക് ഈയിടെ അർഹനായ ഇന്ത്യാക്കാരൻ? ഈ ടൂർണമെന്റിൽ മുമ്പ് ഒരേയൊരു ഇന്ത്യാക്കാരനെ വിജയിച്ചിട്ടുള്ളൂ. പേരു പറയാമോ?
   ഉത്തരം : ..........
4. മലയാളക്കരയിൽ ആദ്യം അച്ചടിച്ച മലയാളഗ്രന്ഥത്തിന് 200 വയസ്സായിരിക്കുന്നു. ഗ്രന്ഥത്തിന്റെ പേര്? ഏതു പ്രസിലാണ് അച്ചടിച്ചത്?
   ഉത്തരം : ..........
5. ഇത്തവണത്തെ ഭൗമദിനാചരണസന്ദേശം എന്താണ്? ഭൗമദിനാചരണം തുടങ്ങിയത് എന്ന്? എവിടെ?
   ഉത്തരം : ..........
6. ഓഡിറ്റ് ബ്യൂറോ ഓഫ് സർക്കുലേഷൻസിന്റെ (എബിസി) 2023 ലെ കണക്കുപ്രകാരം രാജ്യത്ത് ഏറ്റവും പ്രചാരമുള്ള ദിനപത്രങ്ങളിൽ ആദ്യമൂന്നു സ്ഥാനക്കാർ ആരാണ്?
   ഉത്തരം : ..........
7. പുതിയ വിജ്ഞാപനമനുസരിച്ച്, ആരോഗ്യ ഇൻഷ്വറൻസ് പോളിസികൾ വാങ്ങുന്നതിനുള്ള പ്രായപരിധി എത്രയാണ്?
   ഉത്തരം : ..........
8. പാരീസ് ഒളിമ്പിക്സ് എന്നുമുതൽ എന്നുവരെയാണ്?
   ഉത്തരം : ..........
9. കേരളീയനായ ഒരാൾ ആദ്യമായി ഒളിമ്പിക്സിൽ പങ്കെടുത്തത് എന്ന്, എവിടെയായിരുന്നു?
   ഉത്തരം : ..........
10. ആയുഷ്മാൻ ഭാരത് എന്ന കേന്ദ്രപദ്ധതി കേരളത്തിൽ നടപ്പാക്കിയത് ഏതു പേരിലാണ്? എന്ന്?
   ഉത്തരം : ..........

**നിബന്ധനകൾ** പൂർണമായും സ്കൂൾ/ കോളജ് വിദ്യാർഥികൾക്കുവേണ്ടിയുള്ളതാണ് ഈ മത്സരം. ഉത്തരങ്ങൾ എഴുതിയ ദീപനാളം പ്രതിഭ ക്വിസ്‌കോളത്തിന്റെ ഫോട്ടോയെടുത്ത് പേരും മറ്റു വിവരങ്ങളും സഹിതം **7306874714** എന്ന വാട്സാപ്പ് നമ്പരിൽ അയച്ചുതരേണ്ടതാണ്. നിബന്ധനകൾ പൂർണമായും പാലിക്കാത്തവരെ മത്സരത്തിനു പരിഗണിക്കുന്നതല്ല. കൂടുതൽ പേർ ശരിയുത്തരം അയച്ചാൽ വിജയിയെ നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കുന്നതാണ്. അവസാനതീയതി 2024 മേയ് 20

പേര് : ..........
ഫോൺ നമ്പർ : ..........
പഠിക്കുന്ന സ്ഥാപനത്തിന്റെ പേര് : ..........

# ഒരു ട്രെയിൻയാത്രയുടെ ഓർമയ്ക്ക്



**ലക്ഷ്മി നായർ**
എം.എ. ഇംഗ്ലീഷ്
സെന്റ് തോമസ് കോളജ് പാലാ

കഥ

ഒരു ട്രെയിൻയാത്രയിൽ വച്ചാണ് ഞാൻ അവളെ ആദ്യമായി കണ്ടുമുട്ടിയത്. ഒരവധിക്കാലത്തിന്റെ അവസാനയാത്രയായിരുന്നു അത്. കാലുകുത്താൻപോലും സ്ഥലമില്ലാതിരുന്ന ആ തിരക്കിൽ, ആൾക്കൂട്ടത്തിന്റെ ബഹളത്തിൽ, രാത്രിനേരത്തെ ബോഗിയിലെ തളംകെട്ടിനിൽക്കുന്ന ഇരുട്ടിൽ എന്റെ കണ്മുന്നിലേക്ക് അവൾ എത്തിച്ചേർന്നതും ഒരു നിമിത്തമായിരിക്കാം. അത്രയും നേരം കൂടെയുണ്ടായിരുന്ന സുഹൃത്തിനെത്തേടിയുള്ള അന്വേഷണത്തിലായിരുന്നു ആകെ രക്ഷയ്ക്കുണ്ടായിരുന്ന ആ സീറ്റും നഷ്ടമായത്. തിങ്ങിക്കൂടി അലോസരപ്പെട്ട് ഞങ്ങൾ നിന്ന നേരത്തായിരുന്നു തൊട്ടടുത്ത സ്റ്റോപ്പിൽനിന്ന് ഒരു പറ്റം പെൺകുട്ടികൾ അവരുടെ ബാഗും സാധനങ്ങളുമായി കയറിപ്പറ്റിയത്. അവരെക്കൂടി ഉൾക്കൊള്ളാനുള്ള സ്ഥലം ആ ബോഗിയിൽ പെട്ടെന്ന് എങ്ങനെയുണ്ടായി എന്നു ഞാൻ അദ്ഭുതപ്പെട്ടുനിൽക്കെ, സുഹൃത്ത് തന്റെ തന്ത്രങ്ങൾ ഉപയോഗിച്ച് അവരുമായൊരു സൗഹൃദംതന്നെ സൃഷ്ടിച്ചെടുത്തിരുന്നു. അതിനിടയിലാണ് അവരിൽ ശാന്തസ്വഭാവക്കാരിയെന്നു തോന്നുന്ന ഒരു പെൺകുട്ടിയിൽ എന്റെ നോട്ടമുടക്കുന്നത്. അവളെന്നെയും നോക്കുന്നുണ്ടെന്നു ഞാൻ മനസ്സിലാക്കി.



ഇരുവരും നോട്ടംപിൻവലിച്ചെങ്കിലും, അവിചാരിതമായി അവളെന്നെ നോക്കിയതാണോ, അതോ, ശരിക്കും അവളെന്നെ നോക്കുകയായിരുന്നോ എന്നൊരു ചോദ്യം രാത്രിയിലെ തണുത്ത കാറ്റിൽ തെല്ലൊരു ആകാംക്ഷയോടെ ഉള്ളിൽ ഉയർന്നുവന്നു. വീണ്ടും ഉടനെ നോക്കേണ്ടതില്ലെന്ന് എന്റെ മനസ്സ് ഉപദേശിച്ചെങ്കിലും ഹൃദയത്തിന്റെ വാക്കു കേട്ട് അറിയാതെ നോക്കിപ്പോയി. ഇത്തവണ വേഗം ചമ്മലോടെ അവൾ മുഖം തിരിച്ചത് എനിക്കു കാണാനായി.

എത്ര വിദഗ്ധമായാണ് പെൺകുട്ടികൾ അവരുടെ നോട്ടം പിൻവലിക്കുന്നതും ഉള്ളിലെ ചമ്മൽ മറയ്ക്കുന്നതും. എത്രയൊക്കെ നടിച്ചാലും അവരുടെ കണ്ണുകളിൽ ആ പരിഭ്രമം നിഴലിക്കുകതന്നെ ചെയ്യും. ചിലപ്പോളൊക്കെ തോന്നും അവരുടെ ഹൃദയമിടിക്കുന്നത് അവരുടെ കണ്ണുകളിൽ അറിയാനാകുമെന്ന്.

"അല്ല, നിങ്ങളെന്താ നാടുവിട്ട് ഇറങ്ങിയേക്കുവാണോ?" സുഹൃത്ത് അവരുടെ കൈയിലൊതുങ്ങാത്ത ബാഗുകൾ ചൂണ്ടിക്കാണിച്ചു ചോദിച്ചു. തുടർന്നുള്ള അവരുടെ സംഭാഷണത്തിൽനിന്നും, അവർ നഴ്സിങ്‌വിദ്യാർഥിനികളാണെന്നും വലിയപെരുന്നാൾ അവധിക്കുശേഷം ഹോസ്റ്റലിലേക്കു മടങ്ങുകയാണെന്നും മനസ്സിലായി. കൂടെക്കൂടെയുള്ള നോട്ടങ്ങൾ അവസാനിപ്പിക്കാൻ അവളുടെ വിടർന്ന കണ്ണുകളുടെ മനോഹാരിത എന്നെ അനുവദിച്ചില്ല. കഥകളിലും കവിതകളിലുമായി കോറിയിട്ടിരിക്കുന്ന അപ്സരസ്ത്രീകളുടെ സൗന്ദര്യലക്ഷണങ്ങളില്ല, വെള്ളിത്തിരയിലെ നായികമാരുടെ സവിശേഷതകളുമില്ല. ഇവയൊന്നും ഇല്ലാതെതന്നെ അസാമാന്യമായ ഒരു സൗന്ദര്യം അവളിൽ ഞാൻ കണ്ടെത്തി. ഒരുപക്ഷേ, അതവളുടെ ലാളിത്യമായിരിക്കാം, അല്ലെങ്കിൽ ഒരുപക്ഷേ ആ നോട്ടത്തിന്റെ ശക്തിയായിരിക്കാം. മറ്റാർക്കും ഒപ്പിയെടുക്കാനാവാത്തവിധം അവളിലെ ഭംഗി എന്റെ കണ്ണിൽ നിറഞ്ഞുനിന്നു.

സമയമേറെ കഴിഞ്ഞു. ഞങ്ങൾക്ക് ഇറങ്ങാനുള്ള സ്ഥലമടുത്തു. സഹയാത്രികർ എന്ന നിലയ്ക്ക് ഞങ്ങളവരോടു യാത്രയും പറഞ്ഞു. തുടക്കത്തിലെ പരിഭ്രമങ്ങളേതുമില്ലാതെ വിഷാദഭാവത്തിൽ അവളെന്റെ നേരേ നോക്കിനിന്നു. യാതൊരു മുൻപരിചയമില്ലാത്ത അവൾക്കുവേണ്ടി അറിയാതെ എന്റെയുള്ളം ഒന്നു പിടഞ്ഞു. ഒരാശയക്കുഴപ്പത്തിനു വഴിയൊരുക്കാതെ സ്റ്റോപ്പ് എത്തിയപ്പോൾ ഞങ്ങളിറങ്ങി. പെട്ടെന്ന്, വീട്ടിലേക്കുള്ള ധൃതിയിൽ അവനാണെങ്കിൽ അതിവേഗം നടക്കുകയായിരുന്നു. ട്രെയിനിൽ നടന്ന യാതൊന്നും അറിയാതെ അവൻ എന്നോട് ഓരോന്നു നിർത്താതെ സംസാരിച്ചുകൊണ്ടേയിരുന്നു. പക്ഷേ, എന്റെ മനസ്സ് അപ്പോഴും മലബാർ എക്സ്പ്രസ്സിൽതന്നെയായിരുന്നു. ഉള്ളിലെവിടെയോ അവൾ ഉടക്കിവലിക്കുന്നു. ഒരുപക്ഷേ, ജീവിതത്തിൽ ഇനി കാണില്ലായിരിക്കും അല്ലേ, ഞാനെന്നോടുതന്നെ ചോദിച്ചു. മനസ്സാകെ അസ്വസ്ഥമായി. കൂട്ടുകാരനെ മറന്ന് ഞാൻ തിരിഞ്ഞുനോക്കി. ട്രെയിനിന്റെ വാതിൽക്കൽ എന്നെ ഉറ്റുനോക്കിക്കൊണ്ട് അവൾ നിൽപ്പുണ്ടായിരുന്നു. എന്തെങ്കിലും ഒന്നു മിണ്ടാനോ പറയാനോ ചോദിക്കാനോ തീരുമാനിക്കുന്നതിനു മുന്നേതന്നെ ട്രെയിൻ മെല്ലെ നീങ്ങിത്തുടങ്ങി. പെട്ടെന്നാണ് പോക്കറ്റിൽ കിടക്കുന്ന എന്റെ കാർഡ് ഓർമ വന്നത്. ആവേശത്തിൽ പരിസരബോധം മറന്ന് ഓടിച്ചെന്ന് എന്റെ നമ്പർ എഴുതിയ ആ കാർഡ് ഞാനവൾക്കു നേരേ എറിഞ്ഞു. ട്രെയിനിൽനിന്ന് അത് പാളത്തിലേക്കു വഴുതിപ്പോയതായി തോന്നി. രാത്രിയിൽ ഒന്നും വ്യക്തമായുമില്ല. എന്തുകൊണ്ട് എനിക്കിതു നേരത്തേ തോന്നിയില്ലെന്ന് സ്വയം പഴിചാരി നിൽക്കെ അവളെ എന്നിൽനിന്നകറ്റിക്കൊണ്ട് ട്രെയിൻ ദൂരേക്കു നീങ്ങി. മനസ്സ് വല്ലാതെ ശൂന്യമായതുപോലെ. ഒരു പരാജിതനെപ്പോലെ ഞാൻ വീട്ടിലേക്കു മടങ്ങി.

ആഹാരവും കുളിയും എല്ലാം കഴിഞ്ഞ് കട്ടിലിൽ കിടന്നു. കാറ്റിൽ നിർത്താതെ പെയ്യുന്ന മഴയിൽ അവളെക്കുറിച്ചുള്ള ഓർമകൾ അങ്ങനെ വീശിയടിച്ചുകൊണ്ടേയിരുന്നു. പരിഭ്രമം നിറഞ്ഞ ആദ്യനോട്ടം മുതൽ അവസാനത്തെ പ്രതീക്ഷനിറഞ്ഞ നോട്ടം വരെയുള്ള ഓരോ സന്ദർഭവും ഓരോ ചലനവും ആവർത്തിച്ചാവർത്തിച്ച് ഓർത്തുകൊണ്ടേയിരുന്നു. ഇനിയൊരുപക്ഷേ, നമ്പർ കിട്ടിയിട്ടുണ്ടെങ്കിലോ? മനസ്സ് വീണ്ടും വെമ്പൽ കൊള്ളും. ഉടനടിതന്നെ, അതിനു യാതൊരു സാധ്യതയുമില്ലെന്നു മനസ്സിനെ പറഞ്ഞുപഠിപ്പിക്കും. പുറത്തു പെയ്യുന്ന മഴപോലെ ഉള്ളിലവൾ പെയ്തും തോർന്നുംകൊണ്ടേയിരുന്നു. രാത്രിയിലെപ്പോളോ തിരിഞ്ഞും മറിഞ്ഞും കിടന്ന് മയങ്ങിപ്പോയി.

പിറ്റേന്നു രാവിലെ ഞെട്ടിയെഴുന്നേറ്റ് ആദ്യംതന്നെ ഫോൺ കൈയിലെടുത്തു. തുറന്നുനോക്കിയപ്പോൾ അപരിചിതമായ ഒരു നമ്പറിൽനിന്ന് മെസേജ് വന്നിരിക്കുന്നു:

"നമ്പർ ആർക്കാണു കൊടുക്കേണ്ടത്?"

നമ്പർ അവളുടെ കൈയിൽ സുരക്ഷിതമായി എത്തിയതോർത്ത് സന്തോഷംകൊണ്ടു ഞാൻ മതിമറന്നു.

"ഏയ്ഞ്ചൽ അല്ലേ?" ഞാൻ ചോദിച്ചു.

"അതേ." അവൾ മറുപടി നൽകി.

"എങ്കിൽ ഈ നമ്പർ ആർക്കും കൊടുക്കണ്ട, കൈയിൽത്തന്നെ വെച്ചോളൂ'.

എന്റെ ഹൃദയം വല്ലാതെ മിടിക്കുന്നുണ്ടായിരുന്നു. ആദ്യമായി പരസ്പരം കണ്ണുകൾ ഉടക്കിയപ്പോൾ അവളുടെ കണ്ണുകളിൽ ഞാനറിഞ്ഞ അതേ വേഗത്തിൽ...

■



**ഗ്രീഷ്മ ഡി. വിനോദ്**
സിവിൽ സർവീസ്
ഇൻസ്റ്റിറ്റ്യൂട്ട് പാലാ

കവിത

## അക്ഷരം



അറിയാത്തതൊക്കെയും
അറിയണമെന്നു വാശിപിടിക്കാമോ?
ആയുസ്സിനൊപ്പം ആഗ്രഹിക്കാമോ?
അതിരുകൾ ഭേദിക്കണമെന്ന്
ഇച്ഛിക്കാമോ?
അമ്മയോളം സ്നേഹം
ഈരടികളിലാക്കാനാകുമോ?
അബലയാണെന്നു സ്വയം
ഉറപ്പിക്കാമോ?
ഇല്ലാത്ത കഥകളെ
ഊതിപ്പെരുപ്പിക്കാമോ?
ഈ കവിതകളൊക്കെയും
ഋജുവാണോ?
ഇതളുകൾ കൊഴിയുന്നതെല്ലാം
പല വർണങ്ങളിലാണോ?
ഈ ജന്മമത്രയും
ഏകാന്തമല്ലെന്നാണോ?
ഇലകൾ ഇടയ്ക്കു പൊഴിയുന്നത്
ഐക്യമില്ലാത്തിനാലാണോ?
ചോദ്യത്തിനെല്ലാം മറുചോദ്യം
ഔഷധമെന്നാണോ?
പരാതികൾക്കെല്ലാം പരിഹാരം
പദവികളിലുണ്ടോ?



**ആതിര അജിത്ത്**
ക്ലാസ് VIII
സെന്റ് സെബാസ്റ്റ്യൻസ്
എച്ച്.എസ്.എസ്.
അയർക്കുന്നം

കഥ

## നല്ല ശത്രു




കൂട്ടുകാരൻ ഒരു ദിവസം ബാബുവിനോടു ചോദിച്ചു: ''നീയെന്താ ശത്രുക്കളെയൊക്കെ നല്ല ശത്രുവെന്നു വിളിക്കുന്നത്?"

ബാബു ഒന്നു ചിരിച്ചു; എന്നിട്ടു മറുപടി പറഞ്ഞു: "എന്റെ കുറ്റങ്ങളും, കുറവുകളും ആ ശത്രു, എന്റെ സുഹൃത്തുക്കളോടു പറയും, അവർ കുറച്ചൊക്കെ കൂട്ടിച്ചേർത്ത് ഭംഗിയാക്കി എന്നോടു പറയും. ഞാൻ അതെല്ലാം എന്റെ ജീവിതത്തിൽനിന്ന് ഒഴിവാക്കും. അതിനു കാരണം, ആ ശത്രുവാണ്. അയാളില്ലെങ്കിൽ ഞാൻ എങ്ങനെ എന്റെ മോശം സ്വഭാവങ്ങൾ മനസ്സിലാക്കും? അതിനാൽ, ആ ശത്രു സത്യത്തിൽ എന്റെ 'നല്ല ശത്രു'വാണ്, ചില കൂട്ടുകാരെക്കാൾ" ബാബു പിന്നെയും ചിരിച്ചു.

'നീ പറഞ്ഞതു വളരെ ശരിയാണ്.' ചങ്ങാതി സമ്മതിച്ചു.



**അനഘ ജോസഫ്**
ക്ലാസ് X
സെന്റ് സെബാസ്റ്റ്യൻസ്
എച്ച്.എസ്.എസ്.
അയർക്കുന്നം




# ഉൾക്കരുത്ത്

ബസിൽ യാത്ര ചെയ്തു കൊണ്ടിരുന്ന ഒരു അമേരിക്കൻ വിദ്യാർഥിയുടെ സീറ്റിൽ കറുത്തു തടിച്ച ഒരു മനുഷ്യൻ വന്നിരുന്നു.

ഒരു ആഫ്രിക്കൻ വംശജൻ തന്റെ സീറ്റിൽ തൊട്ടുരുമ്മിയിരിക്കുന്നത് ആ കുട്ടിക്ക് ഇഷ്ടപ്പെട്ടില്ല.

അവൻ തന്റെ നീരസം പ്രകടമാക്കിക്കൊണ്ട് അടുത്തിരിക്കുന്ന മനുഷ്യനെ തള്ളിനീക്കാൻ തുടങ്ങി.

അയാൾ ഒന്നും പ്രതികരിക്കാതെ ഒതുങ്ങിക്കൂടിയിരുന്നു.

പക്ഷേ, ആ കൗമാരക്കാരൻ വീണ്ടും അസഹ്യത പ്രകടിപ്പിച്ചുകൊണ്ട് അയാളെ കുറെക്കൂടി തള്ളിനീക്കാൻ ശ്രമിച്ചു.

അപ്പോഴും യാതൊന്നും പ്രതികരിക്കാതെ അദ്ദേഹം കുറെക്കൂടി ഒതുങ്ങിച്ചേർന്നിരുന്നു.

അല്പം കഴിഞ്ഞപ്പോൾ അയാൾക്ക് ഇറങ്ങാനുള്ള സ്ഥലമായി.

ഇറങ്ങുന്നതിനുമുമ്പ് അദ്ദേഹം പോക്കറ്റിൽനിന്ന് തന്റെ ബിസിനസ് കാർഡ് എടുത്ത് വിദ്യാർഥിക്കു നല്കി.

അതിനുശേഷം ഒന്നു ചിരിച്ചുകൊണ്ട് ബസിൽനിന്ന് ഇറങ്ങിപ്പോവുകയും ചെയ്തു.

തന്റെ കൈയിലിരിക്കുന്ന ബിസിനസ് കാർഡിലേക്ക് അലസഭാവത്തിൽ നോക്കിയ ആ കുട്ടി ഞെട്ടിപ്പോയി.

അതിൽ പേര് ഇതായിരുന്നു:

'ജോ ലൂയിസ് - ലോക ഹെവി വെയ്റ്റ് ബോക്സിങ് ചാമ്പ്യൻ!'

1937 മുതൽ 1949 വരെ തുടർച്ചയായി ലോക ബോക്സിങ് ചാമ്പ്യൻപട്ടം നേടിയ ജോ ലൂയിസിനു വേണമെങ്കിൽ തന്നെ തള്ളിനീക്കാൻ ശ്രമിക്കുന്ന കൗമാരക്കാരനെ തിരിച്ചുതള്ളാമായിരുന്നു.

തന്റെ കരുത്തേറിയ മസിലിന്റെ ശക്തി പലവിധത്തിലും പ്രകടിപ്പിച്ച് ആ ബാലനോടു പ്രതികാരം ചെയ്യാമായിരുന്നു. പക്ഷേ, അദ്ദേഹം ഒന്നും ചെയ്തില്ല.

കഴിവില്ലാത്തതുകൊണ്ടല്ല തിരിച്ചടിക്കാത്തതെന്നു മനസ്സിലാക്കാനായി, താൻ ലോകത്തിലെ ഏറ്റവും കരുത്തനായ ഗുസ്തിക്കാരനാണെന്നു കുട്ടി അറിയാനായി അവനു തന്റെ അഡ്രസ് കാർഡ് നല്കുകമാത്രം ചെയ്തു.

കാരണം?

ജോ ലൂയിസിന്റെ ശരീരത്തെക്കാൾ കൂടുതൽ കരുത്ത് മനസ്സിനുണ്ടായിരുന്നു.

തിരിച്ചടിക്കാൻ ബലവും ന്യായവും ഉണ്ടായിരിക്കുമ്പോഴും തിരിച്ചടിക്കാതിരിക്കണമെങ്കിൽ ആന്തരികബലം ഉണ്ടാകണം.

മനസ്സിനു ശക്തിയില്ലാത്തവർ എപ്പോഴും എല്ലാറ്റിനോടും പ്രതികരിച്ചുകൊണ്ടിരിക്കും.

രണ്ടു വാക്ക് തിരിച്ചുപറഞ്ഞില്ലെങ്കിൽ അവർക്കു സ്വസ്ഥതയില്ല.

കാണുന്നതിനോടും കേൾക്കുന്നതിനോടും എപ്പോഴും പ്രതികരിച്ചുകൊണ്ടിരുന്നാൽ നമ്മുടെയും മറ്റുള്ളവരുടെയും ജീവിതം ദുരിതപൂർണമാകും.

# സൂര്യനുദിക്കാത്ത നാട്ടിലേക്ക്

**അപർണാ രാജ്**
ക്ലാസ് X
ജി.എച്ച്.എസ്.എസ്.
പാളയംകുന്ന്
വർക്കല



ഒരു കവിതകൂടി
കാലിക്കടലാസിൽ വീണപ്പോൾ
അവൾ വെളിച്ചം മടുത്തു...!
വെളിച്ചമിരുട്ടത്താക്കിയ കവിതകളെ
ഹൃദയത്തിലിട്ടവൾ നടക്കുന്നു

ഒളിപ്പോരിനിടയിൽ നാവറ്റു വീണ
ഒരു കവിത അവളെ വെളിച്ചത്തെ
വെറുപ്പിക്കുന്നു, ധിക്കാരിയാക്കുന്നു
ഇനിയെവിടെ അവളിൽ വെളിച്ചം?

പെൺകവിത,
മുളയ്ക്കാത്ത നെല്ലിക്കുരു
അരങ്ങത്താട്ടം നിലച്ച ചിലങ്കകൾ,
അടിക്കു പിടിച്ച പാഴരിച്ചോറ്,
തിളയ്ക്കുവാൻ വിലക്കപ്പെട്ട ചായ...

അടുപ്പിലെ ചാരത്തിനിടയിൽ
കത്തിപ്പൊടിഞ്ഞ പ്രിയ അക്ഷരങ്ങളേ...

ഇരുളിന്റെ ആഴത്തിലേക്ക്,
ശൂന്യതയിൽ
ദിശയറിയാതെ ഒരു യാത്ര...

അവൾ അനാഥത്വത്തിലേക്ക് നടന്നു
ഇരുളടഞ്ഞ ചക്രവാളത്തിലേക്ക്
പെൺകവിതയുടെ
സ്വകാര്യതയിലേക്ക്
സൂര്യനുദിക്കാത്ത നാട്ടിലേക്ക്...

# പാഴ്‌വാക്കുകൾ പറയുംമുമ്പ്



**സെലീന ജയ്മോൻ**
ക്ലാസ് X
സെന്റ് സെബാസ്റ്റ്യൻസ്
എച്ച്.എസ്.എസ്.
അയർക്കുന്നം



ഒരു സന്ന്യാസി അടുത്തുള്ള ആശ്രമം സന്ദർശിച്ചശേഷം തന്റെ ആശ്രമത്തിലേക്കു മടങ്ങിയെത്തിയത് വലിയ സന്തോഷത്തോടെയാണ്. തന്റെ സ്വന്തം ആചാര്യനെക്കുറിച്ച് അവിടുത്തെ സന്ദർശനവേളയിൽ ധാരാളം നല്ല കാര്യങ്ങൾ കേട്ടിരുന്നു. അത് ഗുരുവിനോടു പറയാൻ വെമ്പിയാണ് തിരിച്ചെത്തിയത്. കഥകളുടെ പെട്ടി തുറക്കാൻ തുനിഞ്ഞ ശിഷ്യനോട് ഗുരു ചില ചോദ്യങ്ങൾ ചോദിച്ചു: "നീ കേട്ടത് ഇപ്പോൾ എന്നോടു പറയുന്നതുകൊണ്ട് ആശ്രമാധ്യക്ഷന് ഗുണം വല്ലതും ഉണ്ടാകുമോ?"

ശിഷ്യൻ ഒന്നാലോചിച്ചു. എന്നിട്ടു പറഞ്ഞു: "ഇല്ല."

ഗുരു ചിരിച്ചു. എന്നിട്ടു ചോദിച്ചു: "അതു കേൾക്കുന്നതുകൊണ്ട് എനിക്ക് എന്തെങ്കിലും പ്രയോജനം ഉണ്ടാകുമോ?"

ശിഷ്യൻ പതുക്കെപ്പറഞ്ഞു: "ഇല്ല."

ഗുരു വീണ്ടും ചോദിച്ചു: "അതൊക്കെപ്പോട്ടെ, അതു പറയുന്നതുകൊണ്ട് നിനക്ക് എന്തെങ്കിലും ഗുണമുണ്ടോ?" ശിഷ്യൻ ഒന്നും മിണ്ടാതെ തലതാഴ്ത്തി നിന്നു. ഉടൻ ഗുരു ഉയരങ്ങളിലേക്കു കണ്ണുകളുയർത്തി പ്രാർഥിച്ചു: "എന്റെ ദൈവമേ, നീ എന്തുകൊണ്ട് ഇവനെ മിണ്ടാപ്രാണിയായി സൃഷ്ടിച്ചില്ല?"



**ഐമി മരിയ സാജൻ**
എം.എ. ഇംഗ്ലീഷ്
സെന്റ് തോമസ് കോളജ് പാലാ

# ശാന്തിയാത്ര

ജീവിതമൊരു യാത്രയാണ്. എങ്ങോട്ടെന്നില്ലാതെ, എന്തിനെന്നറിയാതെ, മറുപുറം അറിയാതെ താളുകൾ മറിക്കുന്ന വിസ്മയത്തിന്റെ യാത്ര. പ്രഭാതത്തിന്റെ അരുണശോഭയിലൂടെ, കൂരിരുളിന്റെ ഏകാന്തതയിലൂടെ, വനാന്തരങ്ങളുടെ ശാന്തതയിലൂടെ, കടലിന്റെ ഇരമ്പൽകേട്ട്, കാറ്റിന്റെ പല്ലവിയറിഞ്ഞ്, പുഴയുടെ താളമറിഞ്ഞ് നാം നയിക്കുന്ന അദ്ഭുതത്തിന്റെ യാത്ര. എന്നാൽ, യാത്ര ഒരു ഓട്ടമായി മാറുമ്പോൾ ചുറ്റുമുള്ള പ്രപഞ്ചത്തിന്റെ ആഴമാർന്ന ശോഭയും, ഉള്ളിലെരിയുന്ന വെളിച്ചത്തിന്റെ നവ്യമായ പ്രഭയും നാം കാണാതെ പോകുന്നു.

വെട്ടിപ്പിടിക്കാനുള്ള തത്രപ്പാടിൽ ജന്മത്തിന്റെ അർഥവും ജനനത്തിന്റെ ലക്ഷ്യവും, മരണമെന്ന സത്യവും നാം മറന്നുപോകുന്നു. ആസ്വദിച്ചുനീങ്ങാനുള്ള, നന്മയെ പുൽകാനുള്ള, പുഞ്ചിരി വിടർത്താനുള്ള, തോറ്റുകൊടുക്കാനുള്ള, സന്തോഷം നിറയ്ക്കാനുള്ള ഈ യാത്ര അതിന്റെ തനിമയിൽ ആഘോഷിച്ചു നമുക്കു മുന്നോട്ടു നീങ്ങാം. ലോകം പായുന്ന വേഗത്തിൽ, ഈ ആൾക്കൂട്ടത്തിനിടയിൽ ഒരു നിമിഷം നമുക്ക് മൗനം ചൂടാം, ആകുലത വെടിയാം. നമ്മിലേക്കു നോക്കാം, ശാന്തത തിരയാം. യാത്ര ആസ്വദിക്കാൻ ഈ മൗനവും ഈ കാഴ്ചയും നമ്മെ സഹായിക്കട്ടെ.

## എന്റെ വര





**യാന സി. ബി.**
ക്ലാസ് VI
ഗരിമ
വിദ്യാവിഹാർ സ്കൂൾ
ഇൻഡോർ



# നന്മമരങ്ങൾക്കു നാശമില്ല



**അഭിനന്ദ് മനോജ്**
ബി.ടെക്
ഒന്നാം വർഷം
കുസാറ്റ്

**ഒ**രിടത്ത് പണക്കാരനായ ഒരു വ്യാപാരിയുണ്ടായിരുന്നു. ഒരിക്കൽ ഒരു കച്ചവടത്തിൽ വലിയൊരു ലാഭം ഉണ്ടായപ്പോൾ അയാൾ ദൂരെയുള്ള ഒരു ഗ്രാമപ്രദേശത്ത് കുറച്ചു സ്ഥലം വാങ്ങി. അവിടെ നല്ല ഒരു പച്ചക്കറിത്തോട്ടം ഉണ്ടാക്കി. തോട്ടത്തിൽ മനോഹരമായ ഒരു വലിയ കുളവും അതിന്റെ കരയിൽ ഒരു വലിയ മാവുമരവും ഉണ്ടായിരുന്നു.

അയാൾ അവിടെ മനോഹരമായ ഒരു വീടു പണിയാൻ തീരുമാനിച്ചു. അദ്ദേഹത്തിന്റെ ഒരു സുഹൃത്ത് വീടിനു വാസ്തുദോഷം വല്ലതും ഉണ്ടെങ്കിൽ അതു കണ്ടുപിടിച്ച് ഒഴിവാക്കാൻ നിർബന്ധിച്ചു. വാസ്തുവിലൊന്നും വ്യാപാരിക്ക് അത്ര വിശ്വാസം ഉണ്ടായിരുന്നില്ല. എങ്കിലും, കൂട്ടുകാരൻ പറഞ്ഞതനുസരിച്ച് അയാൾ ഒരു വാസ്തുവിദഗ്ധനെ കണ്ടു.

താമസിയാതെ പണ്ഡിനായ വാസ്തുവിദഗ്ധനോടൊപ്പം ആ ഗ്രാമത്തിലേക്കു യാത്രതിരിച്ചു. വ്യാപാരിയാണ് കാറോടിക്കുന്നത്. വണ്ടിയോടിച്ചുകൊണ്ടിരിക്കുമ്പോൾ പിന്നിൽനിന്നു ചില വാഹനങ്ങൾ അവരെ മറികടക്കാൻ ശ്രമിച്ചു. അയാൾ അവർക്കു വഴിമാറിക്കൊടുത്തു.

അതുകണ്ട പണ്ഡിതൻ തന്റെ സ്വതഃസിദ്ധമായ ശൈലിയിൽ പറഞ്ഞു:

"സുഹൃത്തേ, നിങ്ങൾ എത്ര മനോഹരമായാണ് വണ്ടിയോടിക്കുന്നത്!"

അയാൾ പുഞ്ചിരിച്ചുകൊണ്ടു മറുപടി പറഞ്ഞു: "പോയിട്ട് വളരെ അത്യാവശ്യമുള്ള ആളുകളായിരിക്കും ഇങ്ങനെ മറികടക്കാൻ ശ്രമിക്കുന്നത്. അവർ പോകട്ടെ."

അവർ ഇടുങ്ങിയ ഒരു തെരുവിൽ എത്തിച്ചേർന്നു. അപ്പോൾ അയാൾ വണ്ടിയുടെ വേഗം നന്നായി കുറച്ചു. പെട്ടെന്ന് ഒരു കുട്ടി പൊട്ടിച്ചിരിച്ചുകൊണ്ട് റോഡിനു കുറുകെ ഓടി. ആരെയോ കാത്തുനിൽക്കുന്നതുപോലെ വ്യാപാരി ഒരു നിമിഷം വണ്ടി അവിടെ നിർത്തിയിട്ടു. അപ്പോൾ മറ്റൊരു കുട്ടിയും റോഡിനു കുറുകെ ചാടിയോടി.

പണ്ഡിതൻ അതുകണ്ട് അദ്ഭുതപ്പെട്ടു.

"അവന്റെ പിന്നാലെ മറ്റൊരു കുട്ടികൂടി വരുന്നുണ്ടെന്ന കാര്യം നിങ്ങൾക്കെങ്ങനെ മനസ്സിലായി?" അദ്ദേഹം വ്യാപാരിയോടു ചോദിച്ചു.

"ഒരു കുട്ടി തനിച്ച് പൊട്ടിച്ചിരിച്ചുകൊണ്ട് ഓടില്ല. ഉറപ്പായും അവന്റെകൂടെ ഒരു കൂട്ടുകാരൻ ഉണ്ടായിരിക്കും."

തോട്ടത്തിലെത്തി രണ്ടുപേരും വണ്ടിയിൽനിന്നിറങ്ങി. പെട്ടെന്ന് വീടിനു പിറകിലുള്ള മാവിൽനിന്ന് കുറേ പക്ഷികൾ കൂട്ടത്തോടെ പറന്നു. അതുകണ്ട വ്യാപാരി പണ്ഡിതനോടു പറഞ്ഞു: " കുറച്ചുനേരം ഇവിടെ നിൽക്കുന്നതിൽ അങ്ങേക്കു വിരോധമുണ്ടോ?"



"എന്തുപറ്റി?" പണ്ഡിതൻ ചോദിച്ചു.

"കുട്ടികൾ മാമ്പഴം മോഷ്ടിക്കാൻ വന്നിട്ടുണ്ടാവും. നമ്മൾ പെട്ടെന്നങ്ങോട്ടു കയറിച്ചെന്നാൽ കുട്ടികൾ പേടിച്ചോടും. മരത്തിലും കാണും ചിലർ. അവർ സമയമെടുത്ത് താഴെയിറങ്ങട്ടെ. അല്ലെങ്കിൽ അവർ വീണ് കാലൊടിയും."

വ്യാപാരി തമാശരൂപത്തിൽ പറഞ്ഞു.

പണ്ഡിതൻ ഒരു നിമിഷം മിണ്ടാതിരുന്നു. എന്നിട്ട് ഒരു പരിശോധനയും കൂടാതെ പറഞ്ഞു:

"ഈ വീടിന് ഒരു തരത്തിലുള്ള വാസ്തുദോഷവുമില്ല."

വ്യാപാരി ഞെട്ടിപ്പോയി.

"അതെന്താണ്?" അദ്ദേഹം പണ്ഡിതനോടു ചോദിച്ചു.

"താങ്കളെപ്പോലുള്ള ഒരാൾ താമസിക്കുന്നിടത്ത് ഏതു കെട്ടിടത്തിനും ഐശ്വര്യം ഉണ്ടാവും. അവിടെ ഒരു വാസ്തുവും നോക്കേണ്ടതില്ല."

മറ്റുള്ളവരുടെ സന്തോഷത്തിനും സൗകര്യത്തിനും പ്രാധാന്യം കൊടുക്കുമ്പോൾ അത് അവർക്കു മാത്രമല്ല അവനവനും സുരക്ഷിതത്വം നൽകുന്നു.

മറ്റുള്ളവരുടെ നന്മയ്ക്കും സന്തോഷത്തിനും വേണ്ടി ചിന്തിക്കുമ്പോൾ ഒരാൾ സ്വയമറിയാതെ തന്നെ മഹാനായിത്തീരുന്നു.

സ്വയം തിരിച്ചറിയുന്നവർക്കു സഹജീവികളെയും ചുറ്റുപാടുകളെയും തിരിച്ചറിയാൻ എളുപ്പം കഴിയും. പരസ്പരം തിരിച്ചറിയാൻ കഴിയുന്നിടത്ത് ആർക്കും ആപത്തുണ്ടാവില്ല, അവിടെ പരസ്പര സ്നേഹവും ശ്രദ്ധയും കരുതലും ഉണ്ടാവും. ■






**കാവ്യ ഭാസ്കർ**
സെന്റ് ജോസഫ്സ്
കോളജ് ഓഫ് റ്റീച്ചർ
എജ്യുക്കേഷൻ ഫോർ
വിമൻ, എറണാകുളം

അപ്പുവിനുണ്ടൊരു പുള്ളിക്കുട
ഏഴഴകുള്ളൊരു പുള്ളിക്കുട
മാരിവിൽ മാമന്റെ തുഞ്ചത്ത്
ചായുവാൻ
അപ്പുവിനുണ്ടൊരു പുള്ളിക്കുട

ചിന്നിച്ചിതറും പെരുമഴയിൽ
ആലോലം പാടുമീ പുള്ളിക്കുട
തീ പോലെ തുള്ളും
കരിവെയിലിൽ
തണലു വിരിക്കുന്ന
പുള്ളിക്കുട

കാലുവളഞ്ഞൊരു പുള്ളിക്കുട
കിങ്ങിണി കെട്ടിയ പുള്ളിക്കുട
അപ്പുവിനായത്തിൽ കുത്തിനടക്കുവാൻ
കൂർത്ത കൊമ്പുള്ളൊരു പുള്ളിക്കുട

ആളെ പറത്തുന്ന കാറ്റു വന്നാൽ
കാത്തുകരുതുമീ പുള്ളിക്കുട
മേഘം തൊടാനൊരു മോഹം വന്നാൽ
ചിറകുവിരിക്കുമീ പുള്ളിക്കുട

പള്ളിക്കൂടത്തിൻ വഴിയരികിൽ
ഓടിപ്പാഞ്ഞെത്തിയ വണ്ടിക്കാരാ
വെള്ളം തെറിപ്പിച്ച് പോയിടല്ലേ
പുള്ളിക്കുടയുണ്ട് എന്റെ കയ്യിൽ

കൂട്ടരേ, കണ്ടോയെൻ പുള്ളിക്കുട
ചന്തം തികഞ്ഞൊരു പുള്ളിക്കുട
കണ്ണുവെക്കാനിങ്ങു പോന്നിടല്ലേ
കട്ടോണ്ടു പോകാനും നോക്കിടല്ലേ...!

## കഴിഞ്ഞലക്കം ക്വിസ് (പ്രതിഭ 2024 ഏപ്രിൽ)

### ശരിയുത്തരങ്ങൾ

1. കൊച്ചി
2. ഹാരിയർ, ചട്ടമൂന്നാർ
3. ഓസ്ട്രേലിയായിലെ ഡീകിൻ യൂണിവേഴ്സിറ്റി. ഗുജറാത്തിലെ ഗാന്ധിനഗറിലുള്ള ഗിഫ്റ്റ്സിറ്റി
4. ഫിൻലൻഡ്, 126
5. ജെ.സി.ബി. പുരസ്കാരം (25 ലക്ഷം രൂപ). പെരുമാൾ മുരുകൻ, കൃതി – അലണ്ട പാച്ചി
6. മൈസൂരു പെയ്ന്റ്സ് & വാർണിഷ് ലിമിറ്റഡ്
7. പി.വി. നരസിംഹറാവു, ചരൺസിങ്, ഡോ. എം.എസ്. സ്വാമിനാഥൻ, കർപ്പൂരി ഠാക്കൂർ
8. 1924 മാർച്ച് 30 – 1925 നവംബർ 23
9. നാല്
10. ഉമ്മൻചാണ്ടിസർക്കാർ

*വിജയി: മെൽബിൻ ഫ്രാൻസീസ് ജോൺ*
*മലേപ്പറമ്പിൽ, ഏഴാച്ചേരി.*

34 വർഷത്തെ സേവനപാരമ്പര്യം
**നവഭാരത് കോളേജ്**
മരിയൻ ഹോസ്പിറ്റൽ ജംഗ്ഷൻ
അരുണാപുരം പി.ഒ., പാലാ
Govt. V.H.S.S. നു സമീപം
പൊൻകുന്നം
Ph: 9495195739, 9495021259
അഡ്മിഷൻ തുടരുന്നു
+2 Science commerce humanities
6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)
B.A., B.Com - (M.G. University)
Regular, Postal & Holiday Classes
DEI Ed ഹിന്ദി ട്രെയിനിങ്
NCTEയുടെ അംഗീകാരത്തോടുകൂടി ദക്ഷിണ ഭാരത് ഹിന്ദിപ്രചാരസഭയുടെ യൂണിവേഴ്സിറ്റി വിഭാഗം നടത്തുന്ന ഹിന്ദി അധ്യാപകപരിശീലനമായ D EI Ed (ശിക്ഷാ സ്നാതക്) ട്രെയ്നിംഗ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. പ്ലസ്ടു പരീക്ഷയും ദക്ഷിണഭാരതഹിന്ദിപ്രചാരസഭ നടത്തുന്ന രാഷ്ട്ര ഭാഷാപ്രവീൺ കേരളഹിന്ദിപ്രചാരസഭയുടെ സാഹിത്യാചാര്യ, തത്തുല്യയോഗ്യതയോ ഉള്ളവർക്ക് അപേക്ഷിക്കാം.
HINDI TTC
എസ്.എസ്.എൽ.സിയോ ഉപരിവിദ്യാഭ്യാസയോഗ്യതയോ ഉള്ളവർക്ക് ഒരു വർഷംകൊണ്ട് HINDI TTC പാസായി അധ്യാപകരാകാം.